CYAN MAGENTA YELLOW BLACK



ഗണിതശാസ്ത്രത്തിലെ പ്രതിഭാശാലികൾ

പള്ളിയറ ശ്രീധരൻ

# ഹൈപ്പേഷിയ

**ക്ഷേത്രഗണിതത്തോടായിരുന്നു ഹൈഷേഷിയയ്ക്ക് കൂടുതൽ താത്പര്യം. അപ്പോളോണിയസ്സിന്റെ ഗ്രന്ഥങ്ങൾക്കും ഡയോഫാന്റസിന്റെ ബീജഗണിത പുസ്തകത്തിനും ഹൈഷേഷിയ വ്യാഖ്യാനം എഴുതിയിരുന്നു. ഗണിതശാസ്ത്രജ്ഞ എന്നതിനെക്കാളേറെ ഗണിതശാസ്ത്രാദ്ധ്യാപിക എന്ന നിലയിലാണ് അവർ പ്രശസ്തി നേടിയത്. ഹൈഷേഷിയ വളരെ സുന്ദരിയായിരുന്നു. പ്രസംഗവും വളരെ ആകർഷകമായിരുന്നു. അവരുടെ വാചാലവും ആവേശകരവുമായ പ്രസംഗങ്ങൾ വളരെയധികം പണ്ഡിതന്മാരെ ആകർഷിച്ചിരുന്നു.**

ഗ്രീസിലെ പ്രശസ്ത ഗണിതശാസ്ത്രജ്ഞനായിരുന്ന തിയോൺ ഓഫ് സ്മൈർണയുടെ പുത്രിയാണ് ഹൈപ്പേഷിയ. ചരിത്രത്തിലെ ആദ്യത്തെ ഗണിതശാസ്ത്ര അധ്യാപികയായി വിശേഷിപ്പിക്കപ്പെടുന്ന ഹൈപ്പേഷിയയുടെ ഗുരു പിതാവായ തിയോൺ തന്നെയായിരുന്നു. തന്റെ ഗണിതശാസ്ത്ര പാടവം നിമിത്തം പിതാവിനെക്കാൾ ഉയരത്തിലെത്താൻ ഹൈപ്പേഷിയക്ക് സാധിച്ചു.

തിയോണിന്റെ ജനനവർഷം ഏകദേശം ക്രിസ്തു വർഷം 100 ആയതിനാൽ ഹൈപ്പേഷിയയുടെ ജീവിതകാലം രണ്ടാം നൂറ്റാണ്ടിന്റെ പകുതിയിലും മൂന്നാം നൂറ്റാണ്ടിന്റെ ആദ്യഭാഗവുമാണെന്ന് അനുമാനിക്കാം. പിതാവിന്റെ ഗണിതഗവേഷണത്തിലും ഗ്രന്ഥരചനയിലും അവർ സഹകരിച്ചിരുന്നു. ടോളമിയുടെ കണ്ടുപിടുത്തങ്ങളെ അടിസ്ഥാനമാക്കി തിയോൺ രചിച്ച ഒരു വലിയ ഗ്രന്ഥം പൂർത്തിയാക്കുന്നതിൽ ഹൈപ്പേഷിയ പ്രമുഖപങ്ക് വഹിച്ചിരുന്നു. യൂക്ലിഡിന്റെ 'അടിസ്ഥാന തത്വങ്ങൾ' എന്ന ഗ്രന്ഥം പുനരാവിഷ്ക്കരിക്കുന്നതിന് അവർ പിതാവിനെ സഹായിച്ചിരുന്നു.

ക്ഷേത്രഗണിതത്തോടായിരുന്നു ഹൈപ്പേഷിയയ്ക്ക് കൂടുതൽ താത്പര്യം. അപ്പോളോണിയസ്സിന്റെ ഗ്രന്ഥങ്ങൾക്കും ഡയോഫാന്റസിന്റെ ബീജഗണിത പുസ്തകത്തിനും ഹൈപ്പേഷിയ വ്യാഖ്യാനം എഴുതിയിരുന്നു.

ഗണിതശാസ്ത്രജ്ഞ എന്നതിനെക്കാളേറെ ഗണിതശാസ്ത്രാദ്ധ്യാപിക എന്ന നിലയിലാണ് അവർ പ്രശസ്തി നേടിയത്. ഹൈപ്പേഷിയ വളരെ സുന്ദരിയായിരുന്നു. പ്രസംഗവും വളരെ ആകർഷകമായിരുന്നു. അവരുടെ വാചാലവും ആവേശകരവുമായ പ്രസംഗങ്ങൾ വളരെയധികം പണ്ഡിതന്മാരെ ആകർഷിച്ചിരുന്നു. പിതാവിന്റെ മരണത്തെ തുടർന്ന് അവർ അലക്സാണ്ട്രിയായിൽ അധ്യാപികയായി. നിയോപ്ലാറ്റോണിക് സ്കൂളിലെ പ്രസിഡണ്ടായും പ്ലാറ്റോയുടെ തത്വശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസറായും അവർ സേവനമനുഷ്ഠിച്ചിരുന്നു.



ഒരു ഗണിതാധ്യാപിക എന്ന നിലയിൽ അവർ വളരെ പ്രശസ്തി നേടി. പിന്നീട് പേരും പെരുമയും നേടിയ ധാരാളം വിദ്യാർത്ഥികൾ അവരുടെ ശിഷ്യന്മാരായിരുന്നു. ഒരു ബിഷപ്പായി ഉയർന്ന സിനീഷ്യസ് ഹൈപ്പേഷിയക്ക് എഴുതിയിരുന്ന നിരവധി എഴുത്തുകൾ ലഭിച്ചിട്ടുണ്ട്. അമിതമായ ആദരവും ആരാധനാ മനോഭാവവും ആ കത്തുകളിൽ ഉൾക്കൊള്ളുന്നു. ഒരു മാതാവ്, ഒരു സഹോദരി, ഒരു ബഹുമാന്യ ഗുരുനാഥ എന്നാണ് ബിഷപ്പ് സിനീഷ്യസ് അവരെ വിശേഷിപ്പിച്ചിരുന്നത്. വളരെ ഉയർന്ന വ്യക്തികൾ അവരുടെ സുഹൃത്തുക്കളായിരുന്നു. പൊതുവെ സ്ത്രീകൾ വീടിനുള്ളിൽ ഒതുങ്ങി കഴിഞ്ഞിരുന്ന കാലത്ത് ഹൈപ്പേഷിയ പുരുഷന്മാരോടൊപ്പം തന്റേടത്തോടെ പ്രവർത്തിച്ചിരുന്നു.

ഹൈപ്പേഷിയ എല്ലാവരുമായി സൗഹൃദം പുലർത്തിയിരുന്നു. പക്ഷേ ഗ്രീക്ക് തത്വചിന്തയോടായിരുന്നു അവർക്ക് കൂടുതൽ താത്പര്യം. അലക്സാണ്ട്രിയായിൽ ക്രിസ്ത്യാനികൾക്ക് അധികാരം ലഭിച്ചതോടെ അവർ അധികാരം ദുർവിനിയോഗം ചെയ്യാൻ തുടങ്ങിയത്രെ. ഗ്രീക്ക് പഠനകേന്ദ്രങ്ങൾ നശിപ്പിക്കാനും വിജ്ഞാനപരമായ സകല പദ്ധതികൾക്കും എതിരായി പ്രവർത്തിക്കാനും തുടങ്ങിയതായും കാണുന്നു.

ഹൈപ്പേഷിയയ്ക്ക് ധാരാളം ക്രിസ്ത്യൻ സ്നേഹിതർ ഉണ്ടായിരുന്നു. മതത്തിന്റെ പേരിൽ അവൾ ആരെയും വെറുത്തിരുന്നില്ല. റോമൻ ഓഫീസറായിരുന്ന ഓറസ്റ്റസ്, ഹൈപ്പേഷിയയുടെ അടുത്ത സുഹൃത്തായിരുന്നു. ബിഷപ്പ് സിറീലസ്സിന്റെ ബദ്ധശത്രുവായിരുന്ന ഓറസ്റ്റസുമായുള്ള ഹൈപ്പേഷിയായുടെ ബന്ധം തെറ്റിദ്ധാരണയ്ക്കിടയാക്കി. ബിഷപ്പിന് വിപരീതമായി പ്രവർത്തിക്കാൻ ഓറസ്റ്റസിനെ പ്രേരിപ്പിക്കുന്നത് ഹൈപ്പേഷിയയാണെന്ന് ഒരു ധാരണ പരക്കാനിടയായി. ഇത് ഒരു വിഭാഗത്തിന് ഹൈപ്പേഷിയയോട് അല്പം നീരസം ഉണ്ടാകാൻ ഇടയാക്കി.

ഒരു ദിവസം പെട്ടെന്ന് ലഹള പൊട്ടിപ്പുറപ്പെട്ടു. അക്രമാസക്തരായ ജനങ്ങൾ സർവകലാശാലയിൽ കടന്ന് കണ്ണിൽ കണ്ടതെല്ലാം ചുട്ടു ചാമ്പലാക്കി. അവിടെയുള്ള വിശ്വോത്തരമായ ഗ്രന്ഥശാലക്ക് തീവെച്ചു. ലഹളയെപ്പറ്റി മുൻകൂട്ടി അറിയാതിരുന്ന ഹൈപ്പേഷിയ തെരുവീഥിയിലൂടെ യാത്ര ചെയ്യുകയായിരുന്നു. ലഹളക്കാർ ഹൈപ്പേഷിയയെ തടഞ്ഞു നിർത്തി വണ്ടിയിൽ നിന്നും ബലാൽക്കാരമായി വലിച്ചു പുറത്തിട്ടു റോഡിൽകൂടി വലിച്ചിഴച്ച് പള്ളിയിലേക്ക് കൊണ്ടുപോയി. അവിടെ വച്ച് മൂർച്ചയേറിയ ചിപ്പിത്തോടും മറ്റും ഉപയോഗിച്ച് മുറിപ്പെടുത്തി നിഷ്ഠൂരമായി വധിച്ചു. പിന്നീട് മൃതശരീരം തുണ്ടുതുണ്ടാക്കി മുറിച്ച് ദഹിപ്പിച്ചു കളഞ്ഞു. അവരുടെ ഗ്രന്ഥങ്ങൾ മിക്കതും ആക്രമണത്തിൽ പെട്ട് നശിച്ചുപോയി. ▣

മുഖരേഖ

തേക്കൻകാടു ജോസഫ്

# പീഡാനുഭവത്തിന്റെ ഗാഗുൽത്താ മലയിലേക്ക് അഖണ്ഡ കുരിശിന്റെ വഴിയുമായി ഏജോ പാറ്റാനി

ചരിത്രപ്രസിദ്ധമായ കുറവിലങ്ങാട് ഫൊറോനപള്ളിയിലെ കുരിശിന്റെ വഴിയിൽ തുടർച്ചയായി 45 വർഷം ഗാനം ആലപിച്ച് റിക്കോർഡ് സൃഷ്ടിച്ച സുപ്രസിദ്ധ കാഥികനും, ഗായകനും, നടനും, സംവിധായകനും, സാംസ്കാരിക പ്രവർത്തകനുമായ ഏ.ജോ പാറ്റാനി ഗാഗുൽത്താമലയിൽ കുരിശിന്റെ വഴി പാടി അഖണ്ഡ കുരിശിന്റെ വഴിയുടെ മറ്റൊരു റിക്കോർഡ് സൃഷ്ടിച്ചിരിക്കുന്നു.

അദ്ദേഹത്തിന്റെ ജീവിതത്തിലെ വലിയ ആഗ്രഹമായിരുന്നു ഗാഗുൽത്താമലയിൽ കുരിശിന്റെ വഴി പാടുകയെന്നത്. ആ ആഗ്രവും കഴിഞ്ഞ സെപ്റ്റംബർ മാസം 16-ാം തീയതി സഫലമായി. കുറവിലങ്ങാട് ഫൊറോന പള്ളി വികാരി റവ.ഡോ.ജോസഫ് മലേപ്പറമ്പിലിന്റെ നേതൃത്വത്തിൽ വിശുദ്ധനാട് സന്ദർശിച്ച ആദ്യ സംഘത്തിൽ പാറ്റാനി ഉണ്ടായിരുന്നു.

2008 വർഷങ്ങൾക്കുമുമ്പ് ലോകരക്ഷകനായ ക്രിസ്തു നാഥൻ ഗാഗുൽത്താമലയിലേക്ക് കുരിശും വഹിച്ചു നടന്ന അതേ വഴിയിലൂടെ നടന്ന് പാറ്റാനിയുടെ നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തി. അവിടെ വച്ച് അദ്ദേഹത്തിന് തുടർച്ചയായി എട്ടുമണിക്കൂർ ഇടവേളയില്ലാതെ അഖണ്ഡ കുരിശിന്റെ വഴി നടത്തണമെന്ന് ഒരു ഉൾവിളി ഉണ്ടായി. ആ വിവരം അപ്പോൾ തന്നെ റവ. ഡോ.ജോസഫ് മലേപ്പറമ്പിലച്ചനോടും റവ.ഡോ.തോമസ് പാറയ്ക്കലച്ചനോടും പങ്കുവെച്ചു. ഈ ആഗ്രഹം മനസ്സിൽ വച്ച് നീങ്ങി,



അങ്ങനെ 2009 മാർച്ച് 27-ാം തീയതി വെള്ളിയാഴ്ച കുറവിലങ്ങാട് മർത്താമറിയം ഫൊറോനപള്ളിയിൽ രാവിലെ 9 മണിമുതൽ വൈകുന്നേരം 5 മണിവരെ ഇടവേളയില്ലാതെ തുടർച്ചയായി എട്ടുമണിക്കൂർ അദ്ദേഹം തളരാതെ കുരിശിന്റെ വഴിയിലെ ഗാനങ്ങൾ ആലപിച്ചു. എട്ട് വൈദികരുടെ സാന്നിധ്യത്തിലായിരുന്നു അത്.

ദു:ഖസാന്ദ്രമായ പ്രാർത്ഥനാ മഞ്ജരികളും കരൾ പിളർക്കുന്ന വിലാപ ഗാനങ്ങളും ഭക്തി പ്രഹർഷത്തിന്റെ സമാശ്വാസ വചനങ്ങളും കൊണ്ട് ആത്മനിർവൃതിയിലെത്താൻ കഴിയുന്ന അത്യപൂർവമായ അഖണ്ഡ കുരിശിന്റെ വഴി അദ്ദേഹം പൂർത്തിയാക്കി റിക്കാർഡ് സൃഷ്ടിച്ചു. ജീവിതത്തിലുണ്ടാകുന്ന ദു:ഖങ്ങളും വേദനകളും ആന്തരിക സംഘർഷങ്ങളും പീഡനങ്ങളും ക്രിസ്തുനാഥന്റെ പീഡാനുഭവത്തോട് ചേർത്ത് കാഴ്ചവച്ച് സമാശ്വാസം കൊള്ളാൻ സഹായിക്കുന്നതാണ് ഈ അഖണ്ഡകുരിശിന്റെ വഴി.

നാല്പതിൽ പരം നിയോഗങ്ങൾ കുരിശിന്റെ ചുവട്ടിൽ കാഴ്ചവച്ചുകൊണ്ടാണ് ഇടവേളയില്ലാതെ തുടർച്ചയായി 8 മണിക്കൂർ ദീർഘിക്കുന്ന കുരിശിന്റെ വഴി സമ്പൂർണമായത്. ആയിരങ്ങൾ പങ്കെടുത്ത അഖണ്ഡകുരിശിന്റെ വഴി എല്ലാവർക്കും വ്യത്യസ്തമായ അനുഭവമായിരുന്നു.

ഇപ്പോഴും ദു:ഖവെള്ളിയാഴ്ചയിലെയും നാല്പതാം വെള്ളിയാഴ്ചയിലെയും കുരിശിന്റെ വഴിയിലെ പ്രധാന പാട്ടുകാരൻ പാറ്റാനി തന്നെയാണ്. നോമ്പുകാലങ്ങളിൽ ഇപ്പോഴും കുടുംബാംഗങ്ങളോടൊപ്പം കുരിശിന്റെ വഴി നടത്താറുണ്ട്. കുരിശിന്റെ വഴിയിലെ പാട്ടുകൾ എത്ര പാടിയാലും തനിക്ക് മതിവരില്ലെന്ന് അദ്ദേഹം പറയുന്നു.

1400ൽ പരം വേദികളിൽ 26 വർഷക്കാലം കേരളത്തിനകത്തും പുറത്തും കഥാപ്രസംഗവും ഗാനമേളയും നാടകവുമായി ജൈത്രയാത്ര നടത്തി കലാസ്വാദകരുടെ വാത്സല്യത്തിനും പ്രശംസയ്ക്കും പാത്രീഭൂതനായ ഏ.ജോ പാറ്റാനി കുറവിലങ്ങാടിന്റെ അഭിമാനമാണ്. ◈

CYAN MAGENTA YELLOW BLACK

രാഷ്ട്രീയം

പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ

# റഷ്യയിൽ പിറന്ന ബോൾഷെവിസം

3

റഷ്യൻ പരീക്ഷണം കൊണ്ട് മാർക്സിസം കാലഹരണപ്പെട്ടു. അവശേഷിച്ചത് ലെനിനിസമാണ്. പാർട്ടിക്കു ഗുണായതൊക്കെ സാധു എന്നതാണ് ലെനിനിസത്തിന്റെ തത്ത്വം. ഈ തത്ത്വമാണ്, 1919ൽ മോസ്കോവിൽ സ്ഥാപിച്ച കോമിന്റേണിലൂടെ രാജ്യാന്തരങ്ങളിലേക്ക് റഷ്യ കയറ്റി അയച്ചത്.

റഷ്യൻ പാർട്ടിയുടെ ചട്ടക്കൂട് എല്ലാ രാജ്യങ്ങളിലും കമ്യൂണിസ്റ്റ് പാർട്ടികൾ കോപ്പിയടിച്ചു. കോമിന്റേൺ അംഗീകരിക്കുക പാർട്ടി സ്ഥാപനത്തിന്റെ പ്രഥമകാര്യമായി. കോമിന്റേൺ അംഗീകരിക്കാൻ ചില നിബന്ധനകൾ പാലിക്കണം. നിബന്ധനകൾ അനവധിയാണ്. പ്രധാനപ്പെട്ടവ ഇവയാണ്,

1. ഏതു പാർട്ടിയും കമ്യൂണിസ്റ്റ് ലോകസംഘടനയുടെ പ്രത്യേക രാജ്യത്തിലെ ഘടകമായിരിക്കും. (ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എന്നതിനുപകരം കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ എന്നു പറയുന്നത് അതുകൊണ്ടാണ്.)

2. ഏതു പാർട്ടിയും സോവിയറ്റ് യൂണിയനെയും മറ്റു സോഷ്യലിസ്റ്റ് രാജ്യങ്ങളെയും ആപത്ഘട്ടത്തിൽ സഹായിക്കണം. (അതാണ് 1942 ൽ, ഇന്ത്യയിലുണ്ടായത്)

3. ജനാധിപത്യ കേന്ദ്രീകരണത്തെ ആസ്പദിച്ചുള്ള സംഘടനാക്രമം.

4. തൊഴിലാളിവർഗ സർവാധിപത്യം. (എന്നു പറഞ്ഞാൽ, പാർട്ടി ആധിപത്യം.)

5. പാർട്ടി സംഘടനയിൽ പട്ടാളത്തിലുള്ളപോലെ അച്ചടക്കം.

## യൂറോ കമ്യൂണിസം

ഈ വിധത്തിലുള്ള ഘടനയാണ്, കമ്യൂണിസ്റ്റ് പാർട്ടികൾക്കെല്ലാമുള്ളത്. "യൂറോ കമ്യൂണിസം", അതിൽ ചില ഇളവുകൾ വരുത്തി. ജനാധിപത്യവും പൗരാവകാശങ്ങളും പ്രധാനമെന്നു വന്നു. തൊഴിലാളിവർഗ സർവാധിപത്യം, തത്ത്വത്തിൽ തിരസ്കൃതമായി. എന്നാൽ, എല്ലാ കമ്യൂണിസ്റ്റു പാർട്ടികളും ഈ സ്വാതന്ത്ര്യമാർഗത്തിൽ ചരിക്കാൻ തുടങ്ങി എന്നു വിചാരിക്കേണ്ട. ഇന്ത്യയിലെ സിപിഐ (എം) കടുകടുത്ത ഏകാധിപത്യ പാർട്ടിയാണ്. 2000–ാമാണ്ടിൽ തിരുവനന്തപുരത്ത് പാർട്ടിയുടെ പ്ലീനം ഉണ്ടായി. ബഹുകക്ഷി ജനാധിപത്യം സ്വീകാര്യമെന്നു പ്ലീനം നിശ്ചയിച്ചു. പക്ഷേ, അക്രമമാർഗം പാർട്ടി ഉപേക്ഷിച്ചിട്ടില്ല. അന്യകക്ഷികളോട് സഹിഷ്ണുതയോടെ പെരുമാറുന്നുമില്ല. പാർട്ടിയിൽ പട്ടാളച്ചിട്ട തുടരുന്നു.

> റഷ്യക്കാർക്ക് നിത്യഭീതിവിഷയമായ ചേക്ക ഉൾപ്പെടെയുള്ള രഹസ്യാന്വേഷണ ഏജൻസികൾ സ്ഥാപിച്ചത് ലെനിൻ ആണ്. പുതുലോകം നിർമിക്കാൻ അക്രമം അനുപേക്ഷണീയമാണെന്ന് നിശ്ചയിച്ചതും, ലെനിൻ. ചേക്കയുടെ ഒറ്റുകാരാവണം പാർട്ടി അംഗങ്ങൾ എല്ലാവരും എന്ന് ലെനിൻ ആഹ്വാനം ചെയ്തു. ലെനിന് നിയമങ്ങളെയും ചട്ടങ്ങളെയുംപറ്റി ഒട്ടും ആദരവ് ഉണ്ടായിരുന്നില്ല. പ്രതിവിപ്ലവകാരിയെ, കണ്ടേടത്തു വെടിവെച്ചുകൊല്ലാൻ വയ്യെങ്കിൽ, നമ്മുടേത് എന്തു വിപ്ലവമാണ് എന്നു ലെനിൻ ചോദിച്ചു പോൽ. ലെനിൻ തുടങ്ങിവെച്ചത് സ്റ്റാലിൻ മുഴുമിച്ചു എന്നതത്രേ വാസ്തവം.

## വിപ്ലവവും പ്രതിവിപ്ലവവും

റഷ്യൻ കമ്യൂണിസം ആരും കണ്ണീരൊഴുക്കാതെ തിരോധാനം ചെയ്തു. "സമാധാനപരമായ പ്രതിവിപ്ലവം" എന്നാണതിനെപ്പറ്റി ബി.ടി. രണദിവേ പറഞ്ഞത്. സമാധാനപരം എന്നത് ശരി, പ്രതിവിപ്ലവം എന്നത് ശരിയല്ല. റഷ്യയിൽ രണ്ടു വിപ്ലവങ്ങൾ ഉണ്ടായി. 1917ൽ ഫെബ്രുവരി വിപ്ലവത്തിൽ സാറിന്റെ വാഴ്ച അവസാനിപ്പിച്ചു. സാർ നിക്കോളാസ് രണ്ടാമൻ സ്ഥാനത്യാഗം ചെയ്തു. 1917ലെ ഒക്ടോബർ വിപ്ലവത്തിലൂടെയാണ് ബോൾഷെവിക്കുകൾ അധികാരം കയ്യടക്കിയത്. അത് പ്രതിവിപ്ലവം ആയിരുന്നു.

ഫെബ്രുവരിയിലെ വിപ്ലവത്തെതുടർന്ന്, ഒരു ലിബറൽ ഭരണകൂടമുണ്ടായി. ആ ഭരണം നിലനിന്നിരുന്നെങ്കിൽ, റഷ്യ ജനാധിപത്യ മാർഗത്തിൽ മുന്നോട്ടു പോകുമായിരുന്നു. ആ ഭരണത്തെ മറിച്ചിട്ടപ്പോൾ ബോൾഷെവിക്കുകൾ, സാറിന്റെ പേര് നന്നാക്കുന്ന വിധത്തിലുള്ള നിഷ്ഠൂരമായ ഏകാധിപത്യ മർദനഭരണം നടപ്പാക്കി. തൊഴിലാളികളുടെ പറുദീസ ഉണ്ടായെന്ന് ഭരണക്കാർ ഘോഷിച്ചു. എന്നാൽ, തൊഴിലാളികൾ ഒച്ചയനക്കമില്ലാതെ അടങ്ങിക്കിടക്കേണ്ടി വന്നു, റഷ്യയിൽ. തൊഴിലാളിയുടെ ശബ്ദം പിന്നീട്, റഷ്യയിൽ ഉയർന്നു കേട്ടത് 1985ൽ ഗോർബച്ചേവ് പാർട്ടിയുടെ സെക്രട്ടറി ആയതിനുശേഷമാണ്.

## ലെനിനും സ്റ്റാലിനും

റഷ്യൻ ഭരണക്രൂരത മുഴുവൻ സ്റ്റാലിന്റെ കണക്കിലാണ് എഴുതപ്പെട്ടിട്ടുള്ളത്. അത് ശരിയല്ല. സ്റ്റാലിൻ, ലെനിൻ തുടങ്ങിവെച്ച തിനെതുടർന്നെന്നേ ഉള്ളൂ. സ്വാതന്ത്ര്യനിഷേധം ലെനിനാണ് നടപ്പിലാക്കിയത്. റഷ്യക്കാർക്ക് നിത്യഭീതിവിഷയമായ ചേക്ക ഉൾപ്പെടെയുള്ള രഹസ്യാന്വേഷണ ഏജൻസികൾ സ്ഥാപിച്ചത് ലെനിൻ ആണ്. പുതുലോകം നിർമിക്കാൻ അക്രമം അനുപേക്ഷണീയമാണെന്ന് നിശ്ചയിച്ചതും, ലെനിൻ. ചേക്കയുടെ ഒറ്റുകാരാവണം പാർട്ടി അംഗങ്ങൾ എല്ലാവരും എന്ന് ലെനിൻ ആഹ്വാനം ചെയ്തു. ലെനിന് നിയമങ്ങളെയും ചട്ടങ്ങളെയുംപറ്റി ഒട്ടും ആദരവ് ഉണ്ടായിരുന്നില്ല. പ്രതിവിപ്ലവകാരിയെ, കണ്ടേടത്തു വെടിവെച്ചുകൊല്ലാൻ വയ്യെങ്കിൽ, നമ്മുടേത് എന്തു വിപ്ലവമാണ് എന്നു ലെനിൻ ചോദിച്ചു പോൽ. ലെനിൻ തുടങ്ങിവെച്ചത് സ്റ്റാലിൻ മുഴുമിച്ചു എന്നതത്രേ വാസ്തവം.

റഷ്യ ഒരു രാജ്യം. അവിടെ ഒരു ഏകാധിപതി, ജർമനിയിൽ ഹിറ്റ്ലർ, ഇറ്റലിയിൽ മുസ്സോളിനി, സ്പെയിനിൽ ഫ്രാങ്കോ, ഉഗാണ്ടയിൽ ഇദി ആമീൻ അവരിൽ ആദ്യത്തെ രണ്ടുപേർ ലോകം വെട്ടിപ്പിടിക്കാൻ പുറപ്പെട്ടു. അത് വിനാശകരമായി.

റഷ്യയിലെ ബോൾഷെവിസം ലോകത്തിനു വിനയായത് മറ്റൊരു വിധത്തിലാണ്. രാജ്യാന്തരങ്ങളിൽ കോമിന്റേണിന്റെ ശാഖകൾ സ്ഥാപിച്ചു. ഏകാധിപത്യവും അസ്വാതന്ത്ര്യവും വിപ്ലവപരമാണെന്ന് വളരെ ജനങ്ങളെ വിശ്വസിപ്പിക്കാൻ ബോൾഷെവിക്കുകൾക്കു കഴിഞ്ഞു. ബോൾഷെവിസം റഷ്യയിൽ അസ്തമിച്ചു. പക്ഷേ, രാജ്യാന്തരങ്ങളിൽ, ബോൾഷെവിസം വാഴ്ച തുടരുന്നു – ഇന്ത്യയിലുൾപ്പെടെ.

*(അവസാനിച്ചു)*

നുറുങ്ങറിവ്

ടി. കെ. മാറിയിടം

# എല്ലാ വോട്ടും കാളപ്പെട്ടിയിൽ!

ജനാധിപത്യ ഭരണക്രമത്തിലെ അടിസ്ഥാന പ്രക്രിയയാണല്ലോ വോട്ടെടുപ്പിലൂടെ ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നത്. തൊട്ടടുത്ത ഇലക്ഷൻ കാലത്തുവരെ സദാ കേൾക്കാറുള്ള പദങ്ങളായിരുന്നു ബാലറ്റ് പേപ്പർ, ബാലറ്റ് പെട്ടി എന്നിവ. വാഹനങ്ങളിൽ ഘടിപ്പിച്ച മൈക്കിലൂടെ ഒഴുകുന്ന ആഹ്വാനങ്ങൾ ഏതാണ്ടൊരുപോലെയുമാണ്.

" പ്രിയമുള്ളവരേ, നമ്മുടെ സ്ഥാനാർത്ഥിക്ക്....ചിഹ്നത്തിൽ മുദ്രകുത്തി, നിങ്ങളുട വിലയേറിയ വോട്ട് രേഖപ്പെടുത്തുവിൻ..."

ഇന്നത്തെ വോട്ടെടുപ്പ് സമ്പ്രദായം എല്ലാവർക്കും സുപരിചിതമാണ്. എന്നാൽ അൻപതോളം വർഷങ്ങൾക്കപ്പുറം വ്യത്യസ്തമായൊരു രീതിയിലായിരുന്നു ആളുകൾ വോട്ട് ചെയ്തിരുന്നത്. അതറിയാൻ അന്നത്തെ മൈക്ക് അനൗൺസ്മെണ്ട് ശ്രദ്ധിക്കാം.

"പ്രിയപ്പെട്ടവരേ, നിങ്ങളുടെ വിലയേറിയ വോട്ടുകൾ...... പെട്ടിയിൽ നിക്ഷേപിച്ച് നമ്മുടെ സ്ഥാനാർത്ഥിയെ വിജയിപ്പിക്കുവിൻ....."

തുടർന്ന് ഈണത്തിൽ ചില മുദ്രാവാക്യങ്ങളും കേൾക്കാം.

"എല്ലാ വോട്ടും കാളപ്പെട്ടീൽ,

കുടിൽപ്പെട്ടിയ്ക്കോട്ടില്ല!

വോട്ടുകളെല്ലാം വീഴട്ടെ

കാളപ്പെട്ടീൽ വീഴട്ടെ!...



ഇവിടെ അല്പം വിശദീകരണം ആവശ്യമാണ്. വോട്ടെടുപ്പ് ദിവസം നാം പോളിംഗ് ബൂത്തിൽ ചെല്ലുന്നു. തിരിച്ചറിയൽ സ്ലിപ്പ് പോളിംഗ് ഓഫീസർക്കു നല്കുന്നു. അതു നോക്കി ബോധ്യപ്പെടുന്ന ഓഫീസർ, തന്റെ പക്കലുള്ള, വോട്ടേഴ്സ് ലിസ്റ്റിൽ നമ്മുടെ പേരിനു നേരെ ടിക് ചെയ്തശേഷം നമ്മുടെ വിരലിൽ മഷിയടയാളം വെയ്ക്കുന്നു. തുടർന്ന് സീൽ കുത്തിയ ഒരു ചെറിയ കാർഡ് നമുക്ക് തരുന്നു. കട്ടിപേപ്പറിലുള്ള ഈ കാർഡാണ് ബാലറ്റ് പേപ്പർ. കാർഡുമായി നമ്മെ ഒരു രഹസ്യമുറിയിലേക്ക് അയയ്ക്കുന്നു.

മുറിയിൽ മേശപ്പുറത്ത് ഏതാനും ചെറിയപെട്ടികൾ കാണാം– ബാലറ്റ് പെട്ടികൾ. എത്ര പെട്ടികൾ? എത്ര സ്ഥാനാർത്ഥികളുണ്ടോ, അത്രയും പെട്ടികൾ! ഓരോന്നിലും അതാത് സ്ഥാനാർത്ഥിയുടെ ചിഹ്നം വലിപ്പത്തിൽ കാണാം. ഉദാഹരണത്തിന് ഒന്നിൽ നുകം വെച്ച കാളകൾ (ഇന്ത്യൻ നാഷണൽ കോൺഗ്രസ്), അടുത്തതിൽ നെൽക്കതിരും അരിവാളും (ഇന്ത്യൻ കമ്യൂണിസ്റ്റു പാർട്ടി), കുടിൽ (പ്രജാ സോഷ്യലിസ്റ്റ് പാർട്ടി) എന്നിങ്ങനെ. ഈ ചിഹ്നങ്ങൾ നോക്കി നമ്മുടെ സ്ഥാനാർത്ഥിയുടെ പെട്ടി കണ്ടുപിടിക്കാം. അതിന്റെ മുകളിലെ സുഷിരത്തിലൂടെ നമ്മുടെ കയ്യിലുള്ള ബാലറ്റ് പേപ്പർ അകത്തേക്കിടുക. നാം വോട്ട് ചെയ്തു കഴിഞ്ഞു.

ഇത്തരം വോട്ടിംഗ് സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ പ്രത്യേകം പറയേണ്ടതില്ലല്ലോ. മുറിക്കുള്ളിൽ പ്രവേശിക്കുന്ന ചില വിരുതന്മാർ പെട്ടികൾ ഉയർത്തി ഭാരം നോക്കും! ഭാരക്കൂടുതലുള്ള പെട്ടികളിൽ കൂടുതൽ വോട്ട് വീണിട്ടുണ്ട്. വിവരം പുറത്തിറങ്ങുമ്പോൾ പറയും. പിന്നാലെ വരുന്ന വോട്ടർമാരുടെ മനോഭാവം മാറിയേക്കാം. വിജയസാധ്യത കൂടുതലുള്ള സ്ഥാനാർത്ഥിക്കു തന്നെ വോട്ട് നല്കാനുള്ള പ്രവണതയുണ്ടാകും. ഇത്തരം അശാസ്ത്രീയതകൾ പലതും ശ്രദ്ധയിൽപെട്ടപ്പോഴാണ് വോട്ടിംഗ് സമ്പ്രദായം പരിഷ്ക്കരിച്ചത്. അങ്ങനെ ഇന്നത്തെ രീതിയുണ്ടായി. ഇപ്പോഴത് വീണ്ടും പരിഷ്ക്കരിച്ചു. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ആയിരിക്കുന്നു. ഒരു ബട്ടണിൽ വിരൽ അമർത്തിയാൽ മാത്രം മതി. എത്രയെളുപ്പം!

CYAN MAGENTA YELLOW BLACK





# ദ്രോണർക്കു ഗുരുദക്ഷിണ ധൃതരാഷ്ട്രർക്കു കണികോപദേശം

പുനരാഖ്യാനം

## മഹാഭാരതം - 17

സവ്യസാചി

അപ്പോളൊരു സംഭവമുണ്ടായി. പ്രായം ചെന്നൊരാൾ വടികുത്തികിതച്ചുകൊണ്ടവിടേക്കെത്തി. അധിരഥൻ. അംഗരാജ്യ വാസിയായ ഒരു സുതൻ. അധിരഥനെ കണ്ടയുടനെ കർണൻ അമ്പും വില്ലും താഴെവച്ച് 'അച്ഛാ' എന്ന് വിളിച്ചു വണങ്ങി. അധിരഥനും കർണനെ 'മകനേ' എന്ന് വിളിച്ച് ആശ്ലേഷിച്ചു. മകന്റെ ശിരസ്സിൽ കിരീടം കണ്ട അധിരഥനു സന്തോഷം കൊണ്ടു കണ്ണുകൾ നിറഞ്ഞൊഴുകി. കർണന്റെ കുനിഞ്ഞ ശിരസ്സ് ആ പിതാവിന്റെ കണ്ണുനീർ വീണുനനഞ്ഞു.

ഈ ദൃശ്യം കണ്ടുകൊണ്ടു നിന്ന ഭീമസേനൻ കർണൻ അധിരഥന്റെ പുത്രനാണെന്നു ധരിച്ചുകൊണ്ടു ഉറക്കെ പരിഹസിച്ചു: കർണാ, നിന്റെ കൈയിൽവേണ്ടതു അമ്പും വില്ലുമല്ല, ചമ്മട്ടിയാണ്. നീ പോയി തേർ തെളിക്കുക. യുദ്ധം ക്ഷത്രിയർക്കു പറഞ്ഞിട്ടുള്ളതാണ്. അത് സൂതർ ഏറ്റെടുക്കേണ്ട. നിനക്ക് അംഗരാജ്യത്ത് വാഴാനും അവകാശമില്ല. നായ്ക്കൾക്കാരും ഹവിർഭാഗം കൊടുക്കാറില്ലല്ലോ!

ഇതുകേട്ട് കവിൾ ചുവന്നുചുണ്ടുകൾ വിറച്ചു പല്ലുകടിച്ചു കർണൻ ഭീമനുനേരേകുതിച്ചു. പെട്ടെന്ന് ഇടയിൽ ചാടിവീണ ദുര്യോധനൻ കർണനെ തടഞ്ഞു ഭീമനോടു പറഞ്ഞു.

ഭീമാ, നീ പറഞ്ഞ വാക്കുകൾ കടന്നുപോയി. ജാതിയല്ല കരുത്താണ് ക്ഷത്രിയത്വം നിശ്ചയിക്കുന്നത്. ഈ കർണൻ വീരനാണ്, ധീരനാണ്, എല്ലാം തികഞ്ഞ പോരാളിയാണ്. ജന്മസിദ്ധമായ കവചകുണ്ഡലങ്ങളുള്ള ഈ വില്ലാളി വീരൻ സൂര്യ തേജസ്വിയാണ്. മാനിൽ നിന്ന് പുലി പിറക്കില്ലെന്നോർക്കുക. അംഗരാജ്യം മാത്രമല്ല ഭൂമി മുഴുവൻ വാഴാൻ അർഹതയുള്ളവനാണു കർണൻ.

ഇത്രയുമായപ്പോൾ സൂര്യൻ അസ്തമിച്ചു. കർണന്റെ കൈപിടിച്ച് ദുര്യോധനൻ കൊട്ടാരത്തിലേക്കു മടങ്ങി. ആളുകളും ഓരോരോ അഭിപ്രായങ്ങൾ തമ്മിൽ പറഞ്ഞും തർക്കിച്ചും പിരിഞ്ഞുപോയി. എല്ലാം ഉള്ളിൽ ഒതുക്കിയ പാണ്ഡവമാതാവു കുന്തിയാകട്ടെ, തന്റെ ആദ്യപുത്രന്റെ ബലവീര്യ വേഗങ്ങൾ ഓർത്തോർത്ത് ഗൂഢമായാഹ്ലാദിച്ചു.

ശിഷ്യന്മാരുടെ അരങ്ങേറ്റം കഴിഞ്ഞതോടെ ഗുരുദക്ഷിണ നല്കേണ്ട സമയമായി.എന്താണു ശിഷ്യരിൽ നിന്നു ദക്ഷിണയായി വാങ്ങേണ്ടത് എന്നാലോചിച്ചപ്പോൾ ദ്രോണാചാര്യർക്ക് ഒരു കാര്യം ഓർമ്മ വന്നു. തന്നെ അപമാനിച്ച പാഞ്ചാല രാജാവു ദ്രുപദന്റെ കാര്യം. അദ്ദേഹം ശിഷ്യരോട് പറഞ്ഞു. നിങ്ങൾ എനിക്കു നല്കേണ്ട ഗുരുദക്ഷിണ ഒന്നു വേറെയാണ്. പാഞ്ചാല രാജാവായ ദ്രുപദനെ യുദ്ധത്തിൽ ജയിച്ചു പിടിച്ചു കെട്ടി എന്റെ മുന്നിൽ കൊണ്ടുവരിക.

കേട്ടപാതി കേൾക്കാത്ത പാതി ദുര്യോധനാദികൾ ആയുധസജ്ജരായി തേരുകളിലേറി പാഞ്ചാല ദേശത്തേക്കു കുതിച്ചു. പിന്നാലെ പാണ്ഡവരും പുറപ്പെട്ടു. ദ്രോണാചാര്യരുമുണ്ടായിരുന്നു. തലസ്ഥാന നഗരത്തിനു വെളിയിലെത്തിയപ്പോൾ അർജുനൻ ദ്രോണാചാര്യരോട് പറഞ്ഞു. ഗുരോ, ആദ്യം അവർ ചെല്ലട്ടെ. അവർക്ക് പാഞ്ചാലനെ ജയിക്കാനാവില്ല. തോറ്റുമടങ്ങുമ്പോൾ ഞങ്ങൾ അങ്ങയുടെ ആഗ്രഹം നിറവേറ്റിക്കൊള്ളാം.

കൗരവരും പാഞ്ചാല രാജാവുമായി ഘോര യുദ്ധം നടന്നു. പക്ഷേ ലക്ഷ്യംനേടാൻ കൗരവർക്ക് കഴിഞ്ഞില്ല. അവർ പിടിച്ചു നില്ക്കാനാവാതെ പടക്കളത്തിൽ നിന്ന് ഓടി രക്ഷപ്പെട്ടു. തുടർന്ന് പാണ്ഡുകുമാരൻമാർ നഗരത്തിൽ പ്രവേശിച്ചു. മഴപെയ്യുമ്പോലെ അമ്പുകൾ വർഷിച്ചുകൊണ്ടു പാഞ്ഞടുത്ത പാണ്ഡവർക്കുമുന്നിൽ രാജാവും സൈന്യവും വിറകൊണ്ടു. ഭീമൻ തന്റെ മാരകമായ ഗദാപ്രഹരം കൊണ്ടു കണ്ണിൽ കണ്ടതൊക്കെ തകർത്തു. ആനകളും കുതിരകളും രഥങ്ങളും ചത്തും തകർന്നും ഒടുങ്ങി. കാലാളും ആയിരക്കണക്കിനു ജീവനറ്റു വീണു. ബാക്കിയുള്ളവർ നിരസ്ത്രരായി. ലോകം അവസാനിക്കുകയാണോ എന്നറിയാതെ അമ്പരന്നു നിന്ന ദ്രുപദന്റെ നേരേ ഭീമൻ അലറിയടുത്തു. പെട്ടെന്ന് അർജുനൻ തടഞ്ഞുപറഞ്ഞു. ജ്യേഷ്ഠാ, അരുത്. അദ്ദേഹം നമ്മുടെ ഗുരുവിനുള്ള ദക്ഷിണയാണ്. ജീവനോടെ ഗുരുസന്നിധിയിലെത്തിക്കണം.

ഭീമൻ അടങ്ങി. എങ്കിലും യുദ്ധക്കലി ശമിക്കാതെ ചുര മാന്തി നിന്നു. അർജുനൻ ദ്രുപദരാജാവിനെ അസ്ത്രങ്ങൾ കൊണ്ടു തന്നെ ബന്ധിച്ചു ഗുരുസന്നിധിയിലെത്തിച്ചു. പാർത്ഥൻ പറഞ്ഞു: മഹാ ഗുരോ, ഇതാ അങ്ങയുടെ പ്രിയശിഷ്യൻ ഈ മഹാരാജാവിനെ അങ്ങേക്ക് ദക്ഷിണയായി സമർപ്പിക്കുന്നു.

ഞാൻ സന്തുഷ്ടനാണു ഫൽഗുനാ. ഗുരു അനുഗ്രഹ വചസ്സുകൾ മൊഴിഞ്ഞു. പിന്നെ പാഞ്ചാലനു നേരേ തിരിഞ്ഞു. ചെറിയൊരു പരിഹാസച്ചിരിയോടെ പറഞ്ഞു. ദ്രുപദ മഹാരാജാവേ, എന്നെ ഓർമ്മ കാണുമല്ലോ. അഗ്നിവേശമുനിയുടെ ആശ്രമത്തിൽ നമ്മൾ സഹപാഠികളായിരുന്നു. അന്ന് നമ്മൾ നല്ല സുഹൃത്തുക്കളുമായിരുന്നു. പഠനം കഴിഞ്ഞുപിരിയുമ്പോൾ നിങ്ങൾ എന്നോടു പറഞ്ഞത് ഞാൻ മറന്നിട്ടില്ല. നിങ്ങൾ രാജാവാകുമ്പോൾ പകുതി രാജ്യം എനിക്ക് തരാമെന്നായിരുന്നു വാഗ്ദാനം. പക്ഷേ കൊട്ടാരത്തിലെത്തിയ എന്നെ നിങ്ങൾ അപമാനിച്ചയച്ചു. ഇപ്പോഴിതാ, ഞാൻ നിങ്ങളുടെ വാക്ക് പാലിക്കാൻ അവസരം തരുന്നു. ഗംഗാനദിയുടെ വടക്കും തെക്കുമായി പാഞ്ചാലരാജ്യം ഞാൻ പകുക്കുന്നു. തെക്കുവശം ഞാൻ നിങ്ങൾക്ക് തിരിച്ചു തരുന്നു. വടക്കുവശം ഞാൻ എടുക്കുന്നു. നിങ്ങൾക്ക് വിരോധമില്ലെങ്കിൽ ഇനി മേൽ നമ്മൾ സുഹൃത്തുക്കളായിരിക്കും.

ദ്രുപദൻ എതിരൊന്നും പറയാതെ സമ്മതിച്ചു. പടയിൽ തോറ്റവന്റെ എതിർപ്പിനു വിലയില്ലല്ലോ. അങ്ങനെ പാഞ്ചാലം എന്ന ദേശം മാത്രം ദ്രുപദനു തിരികെ കിട്ടി. അഹിഛത്രം എന്ന വടക്കുംഭാഗം ദ്രോണരുടെ അധീനതയിലുമായി. യുദ്ധപരാജയത്തിലും രാജ്യനഷ്ടത്തിലും മുറിവേറ്റ മനസ്സുമായി ദ്രോണരെ ജയിക്കാൻ പോന്ന ഒരു പുത്രൻ തനിക്കുണ്ടാകണമെന്നു പ്രാർത്ഥിച്ചുകൊണ്ടു ദ്രുപദരാജാവ് മടങ്ങിപ്പോയി.

തന്റെ പ്രിയശിഷ്യൻ അർജുനനു തുല്യനായി മറ്റൊരു പോരാളി ഭൂമുഖത്തില്ലെന്നു ദ്രോണാചാര്യർ രാജ സഭയിൽ പരസ്യമായും സ്വകാര്യ സന്ദർഭങ്ങളിൽ അർജുനനോടു രഹസ്യമായും ആവർത്തിച്ചുകൊണ്ടേയിരുന്നു. ഒരിക്കൽ ഗുരു ശിഷ്യനോട് പറഞ്ഞു: പാർത്ഥാ, ഞാൻ നിന്നോടെതിർത്താൽ എന്നോടും നീ യുദ്ധം ചെയ്തുകൊള്ളണം. ഗുരോ, അങ്ങയുടെ ഇഷ്ടം പോലെ, എന്നു പാർത്ഥൻ മറുപടിയും നല്കി. ഗുരു ഉൾക്കണ്ണിൽ കണ്ടെതെന്തെന്ന് അർജുനൻ അറിഞ്ഞില്ല. ആരുമറിഞ്ഞില്ല.

അങ്ങനെയിരിക്കെ അർജുനൻ ദിഗ്വിജയത്തിനു പുറപ്പെട്ടു. തന്റെ പിതാവും മറ്റും നോക്കിയിട്ടും പരാജയപ്പെടുത്താൻ കഴിയാതിരുന്ന അയൽരാജ്യങ്ങളെല്ലാം കീഴടക്കി. വമ്പിച്ച സമ്പത്ത് സംഭരിച്ചുകൊണ്ടു വന്നു ഹസ്തിനപുരത്തിനു സമൃദ്ധിയുണ്ടാക്കി. അനുജനു പിൻബലമേകാൻ ഭീമസേനൻ എപ്പോഴും ഒപ്പമുണ്ടയിരുന്നു. ജനങ്ങളെല്ലാം പാണ്ഡവരെ പ്രശംസിച്ചു. ഹസ്തിനപുരത്തിന്റെ സുവർണകാലം വന്നുകഴിഞ്ഞു എന്നു സ്തുതിഗീതങ്ങൾ ആലപിച്ചു.

പാണ്ഡവരുടെ യുദ്ധവിജയങ്ങളും അവർക്കു വർധിച്ചുകൊണ്ടിരിക്കുന്ന ജനസമ്മതിയും ധൃതരാഷ്ട്ര രാജാവിനെ അസ്വസ്ഥനാക്കി. സ്വന്തം മക്കളെക്കാൾ ജനങ്ങൾക്കു പ്രിയങ്കരൻ സഹോദരപുത്രരാണെന്നോർത്തപ്പോൾ ആ ഹൃദയം അസൂയാകലുഷിതമായി. കണ്ണിന്റെ കാഴ്ചയില്ലായ്മ ഹൃദയത്തിലേക്കും പതുക്കെ വ്യാപിച്ചു തുടങ്ങി!

ധൃതരാഷ്ട്രരുടെ മന്ത്രിമാരിൽ ഒരാളായിരുന്നു കണികൻ. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിയായിരുന്നു അയാൾ. സൂത്രശാലിയായ കണികനു ധൃതരാഷ്ട്രരുടെ പ്രീതിനേടിയെടുക്കാൻ എളുപ്പത്തിൽ കഴിഞ്ഞു. ഒരിക്കൽ അദ്ദേഹം കണികനെ വിളിച്ചു തന്റെ ദുഃഖം അറിയിച്ചു. കണികാ, എന്റെ മക്കളെക്കാൾ മിടുക്കരാണ് പാണ്ഡവർ. ജനങ്ങൾ ഒടുവിൽ അവരുടെ ആരാധകരായിരിക്കുന്നു. ഇങ്ങനെ പോയാൽ രാജ്യം അവരുടെ കൈവശമാകുമെന്നും എന്റെ മക്കൾ വഴിയാധാരമാകുമെന്നും ഞാൻ ഭയപ്പെടുന്നു. എന്താണൊരു പരിഹാരം?

കണികൻ പറഞ്ഞു: രാജാവേ, ധൈര്യമായിരിക്കു. രാജാവിന്റെ ആയുധം അധികാരമാണ്. അത് കൈവശമുള്ളപ്പോൾ എല്ലാവരും വണങ്ങിനില്ക്കും. അത് നഷ്ടപ്പെട്ടാൽ അക്ഷണം ശത്രു നമ്മെ കീഴടക്കും. അതു സംഭവിക്കാൻപാടില്ല. സാമദാനഭേദദണ്ഡങ്ങൾ കൊണ്ടും നമ്മൾ ശത്രുവിനെ ജയിക്കണം. ഭീരുവിനെ ഭയപ്പെടുത്തണം. ധീരനെ വണങ്ങുന്നു എന്നു ഭാവിച്ചുകൊണ്ടു ചതിച്ചുകൊല്ലണം. പണക്കൊതിയനെ ദാനംകൊണ്ട് വശത്താക്കണം. സ്ത്രീലമ്പടന്മാരെ സ്ത്രീകളെ ഉപയോഗിച്ചു കീഴടക്കണം. ശത്രുവാണെന്നു കണ്ടാൽ പുത്രനെയും സ്നേഹിതനെയും സഹോദരനെയും പിതാവിനെയും മാത്രമല്ല ഗുരുവിനെപ്പോലും വധിച്ചു കളയണം.

നാട്ടിലെമ്പാടും ചാരന്മാർ ഉണ്ടായിരിക്കണം. ജനങ്ങളുടെ ചിന്തകൾ പോലും അവർ ചോർത്തിയെടുക്കണം. വാക്കിൽ വിനയം ഭാവിക്കണം. പക്ഷേ, ഉള്ളിൽ പാടില്ല. അകത്തു കത്തിയും പുറത്ത് പത്തിയും. ആരെയും അമിതമായി വിശ്വസിക്കരുത്, സ്നേഹിക്കരുത്. നമ്മുടെ കൈയിലുള്ള വാൾ ഏതു സമയത്തും തന്റെ കഴുത്തിൽ പതിക്കാം എന്ന് ഓരോരുത്തരും ഭയപ്പെടണം. രാജാവിന്റെ ഇഷ്ടമാണ് പ്രജകളുടെ ഇഷ്ടം. രാജാവിന്റെ വാക്കാണ് അവർക്ക് പ്രമാണം. കാലുപിടിക്കുന്ന ശത്രുവിനെയും കാലപുരിക്കയയ്ക്കണം. സ്വന്തം ദൗർബല്യങ്ങൾ പുറത്തറിയരുത്. അവരുടെ ദൗർബല്യങ്ങൾ മുതലെടുക്കുകയും വേണം. പാണ്ഡവന്മാരോടും ഇങ്ങനെ തന്നെ പ്രവർത്തിക്കുക.

കണികന്റെ ഉപദേശം ധൃതരാഷ്ട്രർക്ക് പുതിയ അറിവായി. ഇനി സംശയിച്ചിരിക്കാൻ പാടില്ല. ഏതു വിധത്തിലും പാണ്ഡവരെ തകർക്കണം. സ്വന്തം മക്കൾ നാടു വാഴണം. അദ്ദേഹം മനസ്സിൽ കുറിച്ചിട്ടു.

ധൃതരാഷ്ട്രർക്കു പ്രായമായി. അന്ധനായിരുന്നതുകൊണ്ടു സിഹാംസനം ആദ്യം കൈവിട്ടുപോയതായിരുന്നു. പക്ഷേ, അനുജൻ പാണ്ഡുവിന്റെ അകാല മരണം അദ്ദേഹത്തെ സിംഹാസനസ്ഥനാക്കി. ഇപ്പോൾ കാലമേറെയായി. മക്കളെല്ലാം വളർന്ന് എന്തിനും പോന്നവരായിരിക്കുന്നു. ഇനി രാജ്യം അവരെ ഏല്പിക്കണം. മന്ത്രിമാരുമായി ആലോചിച്ചു. ഭീഷ്മരുടെയും വിദുരരുടെയും ഉപദേശവും തേടി. എല്ലാവരും ഒന്നു തന്നെ പറഞ്ഞു യുധിഷ്ഠിരൻ രാജാവാകട്ടെ.

കേട്ടവർ കേട്ടവർ ആവർത്തിച്ചു: യുധിഷ്ഠിര കുമാരൻ രാജാവാകണം.

പാണ്ഡവരെപ്പറ്റി എല്ലാവർക്കും നല്ലതേ പറയാനുള്ളൂ. കായികബലവും മാനസികബലവും ഒന്നുപോലെ തികഞ്ഞവർ. സ്വഭാവശുദ്ധിയിലും ബുദ്ധിശക്തിയിലും മറ്റാരെക്കാളും മികച്ചവർ. പാണ്ഡവ ജ്യേഷ്ഠൻ യുധിഷ്ഠിരൻ ധർമത്തിന്റെ മൂർത്തിമദ്ഭാവം.ലോകത്തിന്റെ തിന്മകളൊന്നും തീണ്ടി അശുദ്ധനാകാൻ നാളിതുവരെ ഇടവന്നിട്ടില്ല. അദ്ദേഹത്തിന്റെ തേർച്ചക്രം ഭൂമിയിൽ നിന്ന് നാലംഗുലം ഉയർന്നാണു സഞ്ചരിക്കുന്നത്. പാപികളുടെ പാദസ്പർശം കൊണ്ടു മലിനമായ മണ്ണിൽ നിന്നുപോലും അശുദ്ധി അദ്ദേഹത്തിലേക്കു പടരാൻ പാടില്ല.

അങ്ങനെയൊരാൾ രാജാവാകരുതെന്ന് പറയാൻ ഒരു നാവും പൊന്തിയില്ല.

പക്ഷേ, നന്മയുടെ ഏകമുഖപ്രവാഹം വിഘ്നമില്ലാതെ തുടരാൻ ദുർവിധി ഒരിക്കലും അനുവദിക്കാറില്ലല്ലോ. കൊട്ടാരത്തിൽ രാജാവിന്റെയും ദുര്യോധനൻ തുടങ്ങിയവരുടെയും ഉള്ളിലിരുപ്പറിഞ്ഞ് അവരുടെ ദുർമോഹങ്ങൾ ആളിക്കത്തിക്കാൻ ചിലരൊക്കെ ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു. അതിൽ മുമ്പിൽ ഗാന്ധാരിയുടെ സഹോദരൻ, കൗരവരുടെ അമ്മാവൻ ശകുനിയായിരുന്നു. ശരീരത്തിൽ ഒരു കാലിനേ അയാൾക്ക് മുടന്തുണ്ടായിരുന്നുള്ളൂ. മനസ്സിന്റെ ഇരു കാലുകൾക്കും മുടന്തുബാധിച്ചിരുന്നു.

ദുഷ്ടബുദ്ധിയെങ്കിലും ശകുനിക്ക് സഹോദരീപുത്രൻ ദുര്യോധനനോടു നിറഞ്ഞ വാത്സല്യമുണ്ടായിരുന്നു. ദുര്യോധനന് അമ്മാവനെയും വലിയ സ്നേഹമായിരുന്നു. ഈച്ചയും അഴുക്കം തമ്മിലുള്ള ഈ സൗഹൃദംവംശനാശത്തിനു തന്നെ കാരണമാകുമെന്ന് അവർക്കറിയാൻ കഴിഞ്ഞില്ല. അതുകാണാനുള്ള ഉൾക്കണ്ണ് ദുർവിധി അവരിൽ പണ്ടേ അടച്ചുകളഞ്ഞിരുന്നല്ലോ.

*(തുടരും)*






CYAN MAGENTA YELLOW BLACK

# ന്യൂസ് ഡയറി

## (12-18 ഏപ്രിൽ 2009)

**പി. ആർ.**



## കേരളം

12. മുൻ രാഷ്ട്രപതി കെ.ആർ.നാരായണന്റെ സഹോദരി കെ.ആർ.ഗൗരി (95) അന്തരിച്ചു.



- ക്യൂബ, കൊൽക്കത്ത, കേരളം എന്നിവിടങ്ങളിൽ മാത്രം കാണപ്പെടുന്ന പാർട്ടിയാണ് മാർക്സിസ്റ്റുപാർട്ടിയെന്നും അവർ വേഗം അപ്രത്യക്ഷമാകുമെന്നും കേരളത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിനെത്തിയ ബിജെപി നേതാവ് എൽ.കെ.അഡ്വാനി.

13. എസ്എൻസി ലാവ്‌ലിൻ കരാർ സംബന്ധിച്ച് അഡ്വ.പി.നാഗരാജ് സമർപ്പിച്ച ഹർജിയിൻ മേൽ സിപിഎം സെക്രട്ടറി പിണറായി വിജയൻ, മന്ത്രി കോടിയേരി ബാലകൃഷ്ണൻ എന്നിവർ ഉൾപ്പെടെ ഏഴുപേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്, മെഡിക്കൽ കോളജ് പോലീസിന് നിർദേശം നല്കി.



- സുനാമി ബാധിതരെപ്പോലും സഹായിക്കുന്നതിനുള്ള പദ്ധതികൾ നഷ്ടപ്പെടുത്തിയ സംസ്ഥാനത്തെ ഇടതുസർക്കാരിന് തെരഞ്ഞെടുപ്പിൽ ജനം തിരിച്ചടി നല്കുമെന്ന് പത്തനംതിട്ടയിൽ തെരഞ്ഞെടുപ്പ് പ്രചാരണയോഗത്തിൽ രാഹുൽ ഗാന്ധി.

14. കള്ളന്മാരുടെ മടയായി സിപിഎം മാറിയെന്ന് സിഎംപി സംസ്ഥാന സെക്രട്ടറി എം.വി.രാഘവൻ.

- കോട്ടയത്ത് തെരഞ്ഞെടുപ്പ് പ്രചാരണ സമാപനത്തിനിടെ സിപിഎം പ്രവർത്തകരുടെ കല്ലേറിൽ ബിജെപി സ്ഥാനാർത്ഥി അഡ്വ.നാരായണൻ നമ്പൂതിരിക്ക് തലയ്ക്ക് പരിക്കേറ്റു.

15. കോട്ടയത്ത് തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ കലാശകൊട്ടിനിടെ, തന്നെ എറിഞ്ഞുവീഴ്ത്തിയതും അക്രമം അഴിച്ചുവിട്ടതും കണ്ടാലറിയാവുന്ന സിപിഎം പ്രവർത്തകരാണെന്ന് ബിജെപി സ്ഥാനാർത്ഥി അഡ്വ.നാരായണൻ നമ്പൂതിരി.

- പത്മശ്രീ പുരസ്കാര ജേതാവും കൂത്ത്, കൂടിയാട്ടം എന്നീ കലകളുടെ ആചാര്യനുമായിരുന്ന മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാർ (81) അന്തരിച്ചു.

16. പതിനഞ്ചാം ലോക്സഭയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 73.33 ശതമാനം പേർ വോട്ടു ചെയ്തതായും ഏറ്റവും കൂടുതൽ പോളിംഗ് കണ്ണൂരും (80.91), ഏറ്റവും കുറവ് തിരുവനന്തപുരത്തും (65.73) രേഖപ്പെടുത്തിയതായി തെരഞ്ഞെടുപ്പ് കമ്മീഷൻ.

- സിപിഎം നേതാവ് പി.ജയരാജൻ എംഎൽഎയുടെ മകനുൾപ്പെടെ രണ്ടുപേർക്ക് കണ്ണൂരിൽ ബോംബ് പൊട്ടിത്തെറിച്ച് പരുക്കേറ്റു.

17. പോളിംഗിന് ശേഷം കണ്ണൂർ ജില്ലയിലെ അഴീക്കോട് വിവിധ ഭാഗങ്ങളിൽ സിപിഎം - എൻഡിഎഫ് പ്രവർത്തകർ തമ്മിൽ സംഘർഷം ഉണ്ടായതിനെത്തുടർന്ന് പോലീസ് ആകാശത്തേക്ക് വെടിവച്ചു.

- സിപിഎം വിമതനും ഇടതുപക്ഷ ഏകോപനസമിതി സ്ഥാനാർത്ഥിയുമായ എം.ആർ. മുരളി മത്സരിച്ച ഷൊർണൂരിൽ 70.14 ശതമാനം പോളിംഗ്.

18. വിനോദയാത്രയ്ക്കിടെ കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിംഗ് കോളജിലെ ജോസഫ് കുര്യൻ, ലൂക്സ് ജോയി, സുനിൽ കെ.മാത്യു എന്നീ വിദ്യാർത്ഥികൾ മണിമലയാറ്റിൽ മുങ്ങിമരിച്ചു.



- സംസ്ഥാനത്തെ 90 ശതമാനം മാധ്യമങ്ങളും അമേരിക്കൻ താത്പര്യം സംരക്ഷിക്കുക ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കോർപ്പറേറ്റ് സ്ഥാപനങ്ങളാണെന്ന് പിണറായി വിജയൻ.



## ദേശീയം



12. ഹരിയാനയിലെ കുരുക്ഷേത്ര പാർലമെണ്ട് മണ്ഡലം കോൺഗ്രസ് സ്ഥാനാർത്ഥി നവീൻ ജിണ്ടാളിനെതിരെ തെരഞ്ഞെടുപ്പു പ്രചരണ യോഗത്തിനിടെ മുൻ സ്കൂൾ പ്രിൻസിപ്പൽ രാജ്മൽ സിംഗ് സഹരൺ ചെരുപ്പെറിഞ്ഞു.

- ജാർഖണ്ഡിലെ അദ്കിയിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി എത്തുന്നതിനു മണിക്കൂറുകൾ മുമ്പുണ്ടായ പോരാട്ടത്തിൽ അഞ്ച് സിആർപിഎഫ് ജവാൻമാരും മൂന്ന് തീവ്രവാദികളും കൊല്ലപ്പെട്ടു.

13. രാമനാഥ് ഗോയങ്കയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ മികച്ച പത്രപ്രവർത്തനത്തിനുള്ള അവാർഡ് 'ദി വീക്ക്' വാരിക മുംബൈ ബ്യൂറോ ചീഫ് ജ്ഞാനേഷ് ജത്താറിനും മികച്ച പ്രാദേശിക പത്രപ്രവർത്തനത്തിനുള്ള അവാർഡ് മാധ്യമം സീനിയർ റിപ്പോർട്ടർ പി.കെ.പ്രകാശിനും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണൻ ഡൽഹിയിൽ നടന്ന ചടങ്ങിൽ വിതരണം ചെയ്തു.

- ഛത്തീസ്ഗഡിലും ഒറീസയിലും അർദ്ധസൈനികവിഭാഗവും നക്സലൈറ്റുകളും തമ്മിൽ നടന്ന ഉഗ്രപോരാട്ടത്തിൽ 34 നക്സലുകളും 21 സൈനികരും കൊല്ലപ്പെട്ടു.



14. ശ്രീലങ്കൻ സർക്കാരും സൈന്യവും തമിഴ്വംശജരുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതിനാൽ അതിനായി ഐക്യരാഷ്ട്രസഭ മുൻകൈയെടുക്കണമെന്ന് ബിജെപി.

- മദ്രാസ് ഹൈക്കോടതി വളപ്പിൽ ഉണ്ടായ അക്രമസംഭവുമായി ബന്ധപ്പെട്ട് രണ്ടു പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യണമെന്ന ഹൈക്കോടതി ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട ഹർജിയിൻമേൽ സുപ്രീംകോടതി തമിഴ്നാട് സർക്കാരിനോട് വിശദീകരണം തേടി.



15. യുപിഎ സർക്കാരിന്റെ പ്രതിരോധ ഇടപാടുകൾ തികച്ചും സുതാര്യമാണെന്നും കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ.ആന്റണി രാജ്യത്തെ ഏറെ സത്യസന്ധനായ രാഷ്ട്രീയ നേതാവാണെന്നും പ്രധാനമന്ത്രി ഡോ.മൻമോഹൻ സിംഗ്.

- ഇന്ത്യയിലേക്ക് നുഴഞ്ഞുകയറി ഭീകരാക്രമണങ്ങൾ നടത്താനായി അതിർത്തിക്കപ്പുറം സ്ത്രീകളെ പരിശീലിപ്പിക്കുന്നതായി കരസേന തലവൻ ജനറൽ ദീപക് കപൂർ.

16. മധ്യപ്രദേശിലെ കട്നിയിൽ തെരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ വച്ച് ബിജെപി നേതാവ് എൽ.കെ.അഡ്വാനിക്കെതിരെ യുവമോർച്ച പ്രവർത്തകനായ പവാസ് അഗർവാൾ ചെരുപ്പെറിഞ്ഞു.

- ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധിയായി വിദേശകാര്യ മന്ത്രാലയം സെക്രട്ടറി ഹർദീപ് സിങ് പൂരിയെ നിയമിച്ചു.

- മുംബൈ ഭീകരാക്രമണക്കേസിൽ പിടിയിലായ പാകിസ്ഥാൻ തീവ്രവാദി അജ്മൽ ആമീർ കസബിന്റെ അഭിഭാഷകനായി അബ്ബാസ് കസ്മിയെ പ്രത്യേക കോടതി നിയോഗിച്ചു.



17. വ്യാജമുദ്രപത്ര കുംഭകോണത്തിൽ മുഖ്യപ്രതി അബ്ദുൾ കരീം തെൽഗിയ്ക്ക് പ്രത്യേക സിബിഐ കോടതി ഏഴുവർഷം കഠിന തടവ് വിധിച്ചു.

- ഉത്തരം പറയാത്തതിന്റെ പേരിൽ ചുമലിൽ ഇഷ്ടികയുമായി വെയിലത്ത് നിർത്തിയതിനെത്തുടർന്ന് അബോധാവസ്ഥയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഡൽഹി ബാവനയിലെ എംസിഡി പ്രൈമറി സ്കൂൾ രണ്ടാംക്ലാസ് വിദ്യാർത്ഥിനി ഷോനാ ഖാൻ മരിച്ചു.



18. തെരഞ്ഞെടുപ്പുകളിലെ കുറഞ്ഞ പോളിംഗ് ശതമാനം പരിഗണിച്ച് രാജ്യത്തെ പൗരൻമാർ വോട്ടുചെയ്യുന്നത് നിർബന്ധമാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി സുപ്രീം കോടതി തള്ളി.



- മുംബൈ ഭീകരാക്രമണകേസിൽ പിടിയിലായ അജ്മൽ ആമീർ കസബിനെ ജുവനൈൽ കോടതിയിൽ വിചാരണ ചെയ്യണമെന്ന അഭിഭാഷകന്റെ വാദം പ്രത്യേക കോടതി തള്ളി.

- ജാർഖണ്ഡിലെ ലത്തെഹാർ ജില്ലയിൽ നക്സലുകൾ തട്ടിക്കൊണ്ടുപോയ ആറു പോളിംഗ് ഉദ്യോഗസ്ഥരെ മണിക്കൂറുകൾ നീണ്ട ഏറ്റുമുട്ടലിലൂടെ സിആർപിഎഫ് മോചിപ്പിച്ചു.



## വിദേശം



12. 13 വർഷങ്ങൾക്കുശേഷം, അഞ്ചുരാജ്യങ്ങൾ പങ്കെടുത്ത അസ്‌ലൻഷാ ഹോക്കി ടൂർണമെണ്ടിൽ ആതിഥേയരായ മലേഷ്യയെ 3-1 ന് തോല്പിച്ച് ഇന്ത്യ കിരീടം നേടി.

- തായ്‌ലൻഡിൽ മുൻ പ്രധാനമന്ത്രി തക്സിൻ ഷിനവത്രയുടെ അനുയായികളുടെ നേതൃത്വത്തിൽ സർക്കാരിനെതിരെ പ്രക്ഷോഭം ശക്തമായതിനെത്തുടർന്ന് തലസ്ഥാനമായ ബാങ്കോക്കിലും സമീപ പ്രവിശ്യകളിലും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചു.

13. ലാഹോറിൽ പോലീസ് അക്കാദമിക്കു നേരെയുണ്ടായ ആക്രമണവുമായി ബന്ധപ്പെട്ട് 625 പേരെ പാകിസ്ഥാൻ പോലീസ് അറസ്റ്റുചെയ്തു.

- പോളണ്ടിലെ കാമീൻ പോമോർസ്കിയിലെ പഞ്ചനക്ഷത്രഹോട്ടലിലുണ്ടായ അഗ്നിബാധയിൽ 21 മരണം.

- പാകിസ്ഥാനിലെ ലാഹോറിൽ ശ്രീലങ്കൻ ക്രിക്കറ്റ് താരങ്ങൾക്കുനേരെയുണ്ടായ ഭീകരാക്രമണത്തിൽ ഇന്ത്യയുടെ പങ്ക് തെളിയിക്കുന്ന രേഖകളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് പാക് ആഭ്യന്തര മന്ത്രാലയം.

14. ഫിജിയിൽ കമഡോർ ഫ്രാങ്ക് ബയ്നിമരാമയുടെ നേതൃത്വത്തിലുള്ള പട്ടാളഭരണകൂടം, സർക്കാരിനെ വിമർശിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിൽനിന്നും സംപ്രേക്ഷണം ചെയ്യുന്നതിൽനിന്നും മാധ്യമങ്ങൾക്ക് വിലക്കേർപ്പെടുത്തുകയും വിദേശമാധ്യമ പ്രവർത്തകരോട് രാജ്യം വിടാൻ ആവശ്യപ്പെടുകയും ചെയ്തു.

- നോർവെയിലെ ശ്രീലങ്കൻ എംബസി എൽടിടിഇ അനുഭാവികൾ തകർത്തതിനെത്തുടർന്ന്, നോർവെയുടെ മധ്യസ്ഥതയിൽ നടന്നുവന്ന സമാധാനശ്രമങ്ങൾ അവസാനിപ്പിക്കുന്നതായി ശ്രീലങ്കൻ സർക്കാർ.

15. അമേരിക്കൻ രാജ്യങ്ങളുടെ സംഘടനയായ ഒഎഎസിൽ ക്യൂബ അംഗരാജ്യമാകുന്ന പ്രശ്നമില്ലെന്ന് ഫിഡൽ കാസ്ട്രോ.

- താലിബാൻ ശക്തികേന്ദ്രമായ സ്വാത് താഴ്വരയ്ക്കു സമീപമുള്ള ചെക്പോസ്റ്റിനുനേരെയുണ്ടായ ചാവേർ ആക്രമണത്തിൽ 15 പേർ കൊല്ലപ്പെട്ടു.

16. മധ്യ ഇറാഖിലെ ഹബാനിയ സൈനിക ക്യാമ്പിനടുത്ത് ഉണ്ടായ ചാവേർ സ്ഫോടനത്തിൽ 16 മരണം.

- ആണവപ്രവർത്തനങ്ങൾ പുന:രാരംഭിക്കാൻ പോവുകയാണെന്ന് പ്രഖ്യാപിച്ച ഉത്തരകൊറിയ അന്താരാഷ്ട്ര ആണവോർജ ഏജൻസിയുടെ നിരീക്ഷകരോട് രാജ്യം വിടാൻ ആവശ്യപ്പെട്ടു.



17. പാകിസ്ഥാൻ അതിർത്തിയോട് ചേർന്ന അഫ്ഗാൻ പ്രവിശ്യകളിലുണ്ടായ ഭൂകമ്പത്തിൽ 22 മരണം.



- എൽടിടിഇയ്ക്കെതിരായ സൈനിക നടപടിയുടെ പശ്ചാത്തലത്തിൽ സാധാരണക്കാരുടെ ജീവൻ സംരക്ഷിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി ശ്രീലങ്കൻ സർക്കാരുമായി ചർച്ച നടത്തുന്നതിന് ഐക്യരാഷ്ട്രസഭ പ്രതിനിധിയായി വിജയ് നമ്പ്യാരെ സെക്രട്ടറി ജനറൽ ബാൻ കി മൂൺ നിയോഗിച്ചു.



18. സാമ്പത്തിക പ്രതിസന്ധിമൂലം തകർന്നണിഞ്ഞ ബാങ്കിംഗ് മേഖലയിലെ ഉണർവിന്റെ പ്രതിഫലനമെന്നോണം അമേരിക്കൻ ഓഹരിവിപണിയിൽ മാസങ്ങൾക്കുശേഷം നേരിയ മുന്നേറ്റം.

- പാകിസ്ഥാനിലെ കൊഹറ്റിൽ പട്ടാളവാഹനവ്യൂഹത്തിനിടയിലേക്ക് ട്രക്ക് ഓടിച്ചുകയറ്റിയുണ്ടായ ചാവേർ സ്ഫോടനത്തിൽ 25 സൈനികർ ഉൾപ്പെടെ 27 മരണം.

*************

CYAN MAGENTA YELLOW BLACK

പ്രതിച്ഛായ വാരിക
2009 ഏപ്രിൽ 29
ഒരു കോപ്പി വില - 7.00
**വരിസംഖ്യ** വാർഷികം - 300
അർധ വാർഷികം - 160

റാപ്പർ ശ്രദ്ധിക്കുക
വരിസംഖ്യ പുതുക്കുക

Prathichaya
NEWS WEEKLY

Email : pratichaya@gmail.com
Website: www.pratichaya.com

PRATICHAYA WEEKLY
Palace Road, Kottayam - 686001
Tel & Fax : 0481 2564085
RN. No. KER MAL / 2007 / 21242
Postal Reg. No. KL/KTM/661/2008- 10
License No. KL/CR/KTM/WPP-73/2008-10
Licensed to Post Without Prepayment

# മൂന്നാം മുന്നണി അഥവാ മലർപ്പൊടിക്കാരന്റെ സ്വപ്നം

നമ്മുടെ നാട്ടിൽ ഉത്സവനാളുകളിൽ മാത്രം ലഭ്യമാകുന്ന ചില പലഹാരങ്ങളുണ്ട്. പേരു പറഞ്ഞാൽ ഒട്ടനവധി. ഇതിനു സമാനമായ ചില 'ഉത്പന്നങ്ങൾ' നമ്മുടെ രാഷ്ട്രീയരംഗത്തും കാണാം. രാഷ്ട്രീയരംഗത്തെ ഉത്സവം സ്വഭാവികമായും തെരഞ്ഞെടുപ്പു തന്നെ.

2009ലെ 15-ാം ലോക്സഭയിലേക്കു നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇടതുപക്ഷം ഇറക്കിയിരിക്കുന്ന സ്പെഷ്യൽ മൂന്നാം മുന്നണി എന്നതാണ്. എന്നാൽ ഇത് ചിലവാകാതെ കെട്ടിക്കിടക്കും എന്നതാണ് ആദ്യ റിപ്പോർട്ടുകൾ നല്കുന്ന സൂചന. ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ പക്ഷേ ഇടതുപക്ഷക്കാർ തയ്യാറല്ല.

മൂന്നാം മുന്നണി എന്ന ആശയത്തിന്റെ ശക്തനായ പ്രയോക്താവായ സിപിഎം ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, മൂന്നാം മുന്നണിയുടെ ലക്ഷ്യങ്ങളായി ഉയർത്തിക്കാട്ടുന്നത് പ്രധാനമായും സാമ്പത്തിക നയങ്ങൾ ജനകീയമാക്കുക, മതനിരപേക്ഷതയുടെ സംരക്ഷണം, സ്വതന്ത്ര വിദേശനയം, ശക്തമായ ഫെഡറലിസം എന്നീ നാല് കാര്യങ്ങളാണ്. ഇവയെ വസ്തുനിഷ്ഠമായും നിഷ്പക്ഷമായും വിലയിരുത്തുന്നവർക്ക് മൂന്നാംമുന്നണി വാദത്തിലെ പൊള്ളത്തരം ബോധ്യമാകും.



**ഉയരാത്ത മോഹം:** *എൻ.ചന്ദ്രബാബു നായിഡു, പ്രകാശ് കാരാട്ട്, എച്ച്.ഡി. ദേവഗൗഡ, എ.ബി.ബർദൻ തുടങ്ങിയവർ.*

## സാമ്പത്തിക നയങ്ങൾ ജനകീയമാക്കുക

വികസിതമെന്നോ വികസ്വരമെന്നോ വകഭേദം കൂടാതെ ലോകത്താകമാനമുള്ള രാജ്യങ്ങളുടെ സാമ്പത്തിക അടിത്തറ ഇളക്കിക്കൊണ്ട് അടിച്ചുകയറിയ ആഗോള സാമ്പത്തികമാന്ദ്യം എന്ന സുനാമിയിൽ പിടിച്ചു നിന്ന ലോകത്തെ ഏക രാഷ്ട്രം ഇന്ത്യ മാത്രമാണ്. അമേരിക്ക, ബ്രിട്ടൺ, ജർമനി തുടങ്ങിയ രാജ്യങ്ങൾ എല്ലാം തന്നെ അവരുടെ ബഡ്ജറ്റുകളിൽ പോലും വൻ വെട്ടിക്കുറവുകൾ വരുത്തി. അവിടങ്ങളിലെ ഡസൻ കണക്കിന് ദേശീയ ബാങ്കുകളും ഐടി ഉൾപ്പെടെയുള്ള വമ്പൻ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ആയിരക്കണക്കിന് ജീവനക്കാരെ പിരിച്ചുവിടുകയും ചെയ്തു. എന്നാൽ ഇന്ത്യയിലെ ഒരു ബാങ്കുപോലും പൂട്ടേണ്ടതായ സാഹചര്യം ഉണ്ടായില്ല.

ഈ പ്രതിസന്ധി ഘട്ടത്തിൽതന്നെയാണ് 70,000 കോടി രൂപയിലധികം വരുന്ന കാർഷിക കടം എഴുതിത്തള്ളൽ പദ്ധതി ഉൾപ്പെടെയുള്ള രാജ്യത്തിന്റെ ചരിത്രത്തിലെ തന്നെ മഹത്തായ നിരവധി പദ്ധതികൾ മൻമോഹൻ സിംഗ് സർക്കാർ നടപ്പിലാക്കിയത്. അതുകൊണ്ടുതന്നെ കഴിഞ്ഞ ഗവൺമെണ്ട് പിന്തുടർന്നുവന്ന സാമ്പത്തിക നയത്തിന് അടിമുടിയുള്ള പൊളിച്ചെഴുത്ത് ആവശ്യമാണെന്ന മൂന്നാംമുന്നണിയെ മുൻനിർത്തിയുള്ള പ്രകാശ് കാരാട്ടിന്റെ വാദഗതി സങ്കേതികമായി അടിസ്ഥാനമില്ലാത്തതാണ്.

## സ്വതന്ത്രവിദേശനയം

സ്വതന്ത്രവിദേശനയം എന്നത് സ്വതന്ത്രഭാരതത്തിലെ ആദ്യസർക്കാരിന്റെ കാലം മുതൽ ഇന്ത്യയുടെ മുഖമുദ്രയാണ്. അടുത്തകാലത്തായി അമേരിക്കയുടെ നേതൃത്വത്തിൽ നടന്ന ഭീകരവാദത്തിനെതിരായ അഫ്ഗാനിസ്ഥാനിലെയും ഇറാഖിലെയും സൈനികനടപടിയുടെ സമയത്തുപോലും ഈ നയത്തിൽ വെള്ളം ചേർക്കുവാൻ ഇന്ത്യയിൽ അതാതു കാലത്ത് ഭരണം നടത്തിയ സർക്കാരുകൾ തയ്യാറായിട്ടില്ല.

ഇന്തോ-അമേരിക്കൻ ആണവകരാറിനെ ഉയർത്തിക്കാട്ടിയാണ് വിദേശനയത്തിൽ വെള്ളം ചേർത്തു എന്ന ആരോപണം കാരാട്ടും കൂട്ടരും ഉന്നയിക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷയും നിലനില്പും തന്നെ വൻ ഭീഷണി നേരിട്ട ഇന്തോ-ചൈന യുദ്ധകാലത്ത് മാതൃരാജ്യത്തെക്കാൾ കൂടുതൽ പ്രാധാന്യത്തോടെ ചൈനയ്ക്കുവേണ്ടി വാദിച്ചതിനെത്തുടർന്നു പിളർന്നുപോയ പാർട്ടിയാണ് സിപിഎം. രാജ്യത്തിന്റെ വിദേശനയത്തെസംബന്ധിച്ച് അവർക്കുള്ള ഉത്ക്കണ്ഠ കാണുമ്പോൾ ചരിത്രത്തെ മായ്ച്ചുകളയാൻ ആർക്കും കഴിയുകയില്ല എന്ന യാഥാർത്ഥ്യം കാരാട്ട് ഉൾപ്പെടെയുള്ളവർ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## ശക്തമായ ഫെഡറലിസം

ഫെഡറലിസം ശക്തമാക്കുമെന്നും വികസനകാര്യങ്ങളിലും മറ്റും സംസ്ഥാനങ്ങൾക്ക് തുല്യത ഉറപ്പുവരുത്തുമെന്നുമാണ് മൂന്നാംമുന്നണിയുടെ നാലാമത്തെ ലക്ഷ്യമായി കാരാട്ട് ഉയർത്തിക്കാട്ടുന്നത്. സിപിഎം ഭരിക്കുന്ന സംസ്ഥാനങ്ങളോട് മൻമോഹൻസിംഗ് സർക്കാർ വികസനകാര്യങ്ങളിലും മറ്റും പുലർത്തിയ നിഷേധാത്മക സമീപനമാണ് ഇതിന് ആധാരമെന്നാണ് വാദം.

നമ്മുടെ കേരളത്തിലെ ഇടതുസർക്കാരിന്റെ ആരോപണവും ഇതുതന്നെ. എന്നാൽ ഇതിൽ യാതൊരു കഴമ്പുമില്ലായെന്ന് വസ്തുതകൾ സാക്ഷ്യപ്പെടുത്തുന്നു. ഏകദേശം 56,000 കോടി രൂപയുടെ വികസനപദ്ധതികളാണ് കഴിഞ്ഞ മൂന്നുവർഷം കൊണ്ട് സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ചത്. അതിൽ പ്രധാനപ്പെട്ട ഒന്നായ വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ പദ്ധതി കോടതി കയറിയിട്ട് മാസങ്ങളായി. സംസ്ഥാന സർക്കാർ ഈ പദ്ധതിയുടെ ടെൻഡർ നടപടികളിൽ സ്വീകരിച്ച അസ്വാഭാവികത നിറഞ്ഞ സമീപനമാണ് ഇതിനു കാരണമായിത്തീർന്നത്.

ഏഷ്യയിലെ തന്നെ ഏറ്റവും വലിയ നാവികതാവളമായ ഏഴിമലയാണ് യുപിഎ സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച മറ്റൊരു സമാനതകളില്ലാത്ത പദ്ധതി. ഉദ്ഘാടനവേളയിൽ കേന്ദ്രപ്രതിരോധമന്ത്രി കൂടിയായ എ.കെ.ആന്റണിയുടെ മേൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ചൊരിഞ്ഞ നന്ദിസൂചകമായ വാക്കുകൾ ഇപ്പോഴും ജനങ്ങളുടെ മനസ്സിലുണ്ട്. അതിനാൽ തന്നെ യുപിഎ സർക്കാർ സംസ്ഥാനങ്ങളോട് വിവേചനം കാണിച്ചു എന്ന വാദഗതിയിലും കഴമ്പില്ല.

## മതനിരപേക്ഷതയുടെ സംരക്ഷണം

പ്രകാശ് കാരാട്ട് വിഭാവനം ചെയ്യുന്ന മൂന്നാംമുന്നണിയിലെ പ്രബല കക്ഷിയാണ് ഒറീസയിൽ ഭരണം നടത്തിയ നവീൻ പട്നായിക്കിന്റെ നേതൃത്വത്തിലുള്ള ബിജെഡി.

ഒറീസയിൽ ന്യൂനപക്ഷമായ ക്രൈസ്തവർക്കും അവരുടെ സ്ഥാപനങ്ങൾക്കും നേരെ ഉണ്ടായ ആക്രമണത്തെ തുടർന്ന് സിപിഎം ഉൾപ്പെടെയുള്ള ഇടതുപക്ഷ പാർട്ടികൾ മാസങ്ങളോളം പ്രക്ഷോഭം സംഘടിപ്പിച്ചത് ഈ നവീൻ പട്നായിക്കിനും അദ്ദേഹത്തിന്റെ പാർട്ടി ബിജെഡിക്കുമെതിരായാണ്.

മതനിരപേക്ഷതയുടെ കൊലയാളികൾ എന്ന് പ്രകാശ് കാരാട്ട് ഉൾപ്പെടെയുള്ള ഇടതുപക്ഷ കക്ഷികൾ ആക്ഷേപിച്ച നവീൻ പട്നായിക്കും കൂട്ടരും ഏതാനും മാസങ്ങൾകൊണ്ട് മതനിരപേക്ഷതയുടെ സംരക്ഷകരായിത്തീർന്നത് ഒരു കമ്യൂണിസ്റ്റ് മാജിക് മാത്രമാണ്. ഇതിലെ കൺകെട്ട് പകൽപോലെ വ്യക്തമായ സാഹചര്യത്തിൽ മൂന്നാംമുന്നണിയുടെ മതനിരപേക്ഷതാവാദവും തള്ളപ്പെടുന്നു.



**ഇടത്തോട്ടോ വലത്തോട്ടോ:** *എച്ച്.ഡി.ദേവഗൗഡ, പ്രകാശ് കാരാട്ട്, മായാവതി, ചന്ദ്രബാബു നായിഡു എന്നിവർ .*

Printed and Published by Kurias Kumbalakuzhy for Pratichaya Publishing Trust, Kottayam. Printed at Rashtra Deepika Printers Kottayam-686 001. Published at Kottayam, Kerala-686 001.

CYAN MAGENTA YELLOW BLACK